# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 06.12.2024** | പ്രധാന വാർത്തകൾ | **TIME : 07.25 PM**

1. രാജ്യവികസനത്തിൽ നിർണായക സംഭാവന നൽകാൻ വടക്കുകിഴക്കൻ മേഖലയ്ക്ക് സാധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the Northeast holds immense potential to propel the country's growth.**

2. ഭരണ-പ്രതിപക്ഷ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു.

   **Both houses of Parliament have been adjourned for today following a row between the ruling and opposition parties.**

3. താങ്ങുവില ഉൾപ്പെടെയുള്ള കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ.

   **Union Agriculture Minister Shivraj Singh Chouhan says the central government is committed to meeting the demands of farmers, including the minimum support price.**

4. കേരളത്തിൽ വൈദ്യുതി നിരക്ക് വർധിപ്പിച്ചു; യൂണിറ്റിന് ശരാശരി 16 പൈസയാണ് വർധിപ്പിച്ചത്.

   **Electricity tariffs in Kerala have been increased by an average of 16 paise per unit.**

5. അണ്ടർ-19 ഏഷ്യാകപ്പ് ഏകദിന ക്രിക്കറ്റ് സെമിയിൽ ശ്രീലങ്കയെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി ഇന്ത്യ ഫൈനലിൽ.

   **India defeated Sri Lanka by seven wickets in the U-19 Asia Cup ODI cricket semi-final and entered the final.**

$$$$$$$$$$$$$$$$$$$$$$$$$$$$$$$$

HEADLINE – 1

## REV. EVE. PM – ASHTALAKSHMI (INTRO)

രാജ്യവികസനത്തിൽ നിർണായക സംഭാവന നൽകാൻ വടക്കുകിഴക്കൻ മേഖലയ്ക്ക് സാധിക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. 21-ാം നൂറ്റാണ്ട് കിഴക്കിനും ഏഷ്യയ്ക്കും ഇന്ത്യയ്ക്കുമുള്ളതാണെന്നും അദ്ദേഹം പറഞ്ഞു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ അഷ്ടലക്ഷ്മി മഹോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു പ്രധാനമന്ത്രി.

(ഹോൾഡ് വോയ്സ്....)

വികസിത ഭാരതം എന്ന ദൗത്യത്തിന് ഊർജം പകരുന്നതിനും വടക്കുകിഴക്കൻ മേഖലയിൽ വികസനത്തിന്റെ പുത്തൻ അധ്യായം കുറിക്കാനും മികച്ച ഭാവി ഉറപ്പാക്കാനും അഷ്ടലക്ഷ്മി മഹോത്സവത്തിന് സാധിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു.

***************************************************

HEADLINE – 2

## PARL - ADJOURN

വിവിധ വിഷയങ്ങളിലെ ബഹളത്തെ തുടർന്ന് പാർലമെന്റിന്റെ ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിക്കും മറ്റ് കോൺഗ്രസ് നേതാക്കൾക്കുമെതിരെ ബിജെപി എംപി നിഷികാന്ത് ദുബെ ആരോപണങ്ങൾ ഉന്നയിച്ചതോടെയാണ് ലോക്സഭയിൽ പ്രതിപക്ഷ അംഗങ്ങളുടെ പ്രതിഷേധം രൂക്ഷമായത്. ട്രഷറി ബെഞ്ച് അംഗങ്ങളുടെ ബഹളത്തെ തുടർന്ന് രാജ്യസഭയും പിരിഞ്ഞു. കോൺഗ്രസ് എംപി അഭിഷേക് മനു സിംഗ്‌വിയുടെ സീറ്റിൽ നിന്ന് നോട്ടു കെട്ട് കണ്ടെടുത്തതിനെ ചൊല്ലി ഉച്ചഭക്ഷണത്തിന് ശേഷം രാജ്യസഭ സമ്മേളിച്ചപ്പോൾ, ട്രഷറി ബെഞ്ച് അംഗങ്ങൾ പ്രതിപക്ഷത്തിനെതിരെ മുദ്രാവാക്യം ഉയർത്തുകയായിരുന്നു. രാജ്യസഭാ ചേമ്പറിലെ പതിവ് പരിശോധനയ്ക്കിടെയാണ് ഒരു കെട്ട് കറൻസി നോട്ട് കണ്ടെത്തിയത്. അന്വേഷണത്തിൽ

എതിർപ്പില്ലെന്ന് രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖർഗെ വ്യക്തമാക്കിയിരുന്നു.

**********************************************

HEADLINE – 3

## RS - FARMERS MSP

താങ്ങുവില ഉൾപ്പെടെയുള്ള കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ. ഉത്പാദനച്ചിലവിന്റെ 50 ശതമാനമെങ്കിലും താങ്ങുവില ഉറപ്പുവരുത്തുമെന്നും അദ്ദേഹം രാജ്യസഭയെ അറിയിച്ചു. കർഷകരുടെ ക്ഷേമത്തിന് സർക്കാർ പ്രഥമ പരിഗണന നൽതുന്നതായും വിവിധ വിളകളുടെ താങ്ങുവില സർക്കാർ വർദ്ധിപ്പിച്ചതായും ചില വിളകൾക്ക് 100 ശതമാനം താങ്ങുവില ലഭ്യമാക്കിയതായും കേന്ദ്രമന്ത്രി വ്യക്തമാക്കി.

**********************************************

## REV. RS-PRASAR BHARATI D2M

പ്രക്ഷേപണ മേഖലയിലെ പുതിയ സാങ്കേതികവിദ്യകളെ ഉചിതമായ നയങ്ങളിലൂടെ പിന്തുണയ്ക്കുന്നതായി കേന്ദ്ര വാർത്താ വിതരണ-പ്രക്ഷേപണ സഹമന്ത്രി എൽ.മുരുകൻ. നെറ്റ്വർക്ക് ഡിജിറ്റൽവത്ക്കരണം, ആധുനിക ഉപകരണങ്ങളിലേക്കുള്ള മാറ്റം തുടങ്ങി പ്രക്ഷേപണ രംഗത്ത് ഉയർന്നു വരുന്ന സാങ്കേതികവിദ്യകൾ സ്വീകരിച്ച് ആകാശവാണി, ദൂരദർശൻ നെറ്റ്വർക്കുകളെ പ്രസാർ ഭാരതി തുടർച്ചയായി നവീകരിക്കുന്നുവെന്ന് അദ്ദേഹം രാജ്യസഭയിൽ രേഖാമൂലമുള്ള മറുപടിയിൽ പറഞ്ഞു. സിം ഇല്ലാതെ മൊബൈൽ ഫോണുകളിലേക്കും സ്മാർട്ട് ഉപകരണങ്ങളിലേക്കും വീഡിയോ, ഓഡിയോ, ഡാറ്റ പ്രക്ഷേപണ സിഗ്നലുകൾ നേരിട്ട് എത്തിക്കാൻ കഴിയുന്ന  ഡയറക്ട് ടു മൊബൈൽ ഡി2എം ബ്രോഡ്കാസ്റ്റിംഗ് സാങ്കേതികവിദ്യയ്ക്കായി പ്രസാർ ഭാരതി ഐഐടി-കാൻപൂരുമായി ധാരണാപത്രത്തിൽ ഏർപ്പെട്ടിട്ടുള്ളതായും അദ്ദേഹം വ്യക്തമാക്കി.

**********************************************

## LS: AIR POLLUTION

വായുമലിനീകരണത്താൽ മാത്രം മരണമുണ്ടാകുന്നതായോ അസുഖത്തിന് കാരണമാകുന്നതായോ ചൂണ്ടിക്കാട്ടുന്ന തരത്തിലുള്ള വിവരങ്ങൾ ലഭ്യമല്ലെന്ന് കേന്ദ്രസർക്കാർ. ലോക്സഭയിൽ രേഖാമൂലം നൽകിയ മറുപടിയിൽ കേന്ദ്ര ആരോഗ്യ സഹമന്ത്രി പ്രതാപ്റാവു ജാതവാണ് ഇക്കാര്യം വ്യക്തമാക്കിയത്.

**************************************************

## DAY RBI-MONETARY

അടിസ്ഥാന ബാങ്കിങ്ങ് നിരക്കുകളിൽ തുടർച്ചയായ 11-ാാംതവണയും മാറ്റം വരുത്താതെ ആർ.ബി.ഐ. റിപ്പോ നിരക്ക് 6.5 ശതമാനമായി തുടരുമെന്ന് റിസർവ് ബാങ്ക് ഗവർണർ ശക്തികാന്ത ദാസ് അറിയിച്ചു. ബാങ്കിങ് സംവിധാനത്തിൽ പണലഭ്യത ഉറപ്പാക്കുന്നതിനുള്ള സ്റ്റാൻഡിങ് ഡെപ്പോസിറ്റ് ഫെസിലിറ്റി നിരക്ക് 6.25 ശതമാനത്തിലും മാർജിൻ സ്റ്റാൻഡിങ് ഫെസിലിറ്റി നിരക്ക് 6.75 ശതമാനത്തിലും തുടരും. വിലക്കയറ്റം നിയന്ത്രിക്കുകയാണ് തീരുമാനത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് റിസർവ് ബാങ്ക് ഗവർണർ പറഞ്ഞു.

**************************************************

## SITHARAMAN-PRE BUDGET

വരാനിരിക്കുന്ന കേന്ദ്ര ബജറ്റിന് മുന്നോടിയായി ധനമന്ത്രി നിർമ്മല സീതാരാമൻ പ്രമുഖ സാമ്പത്തിക വിദഗ്ധരുമായി ചർച്ച നടത്തി. ധനമന്ത്രി വിളിച്ചു ചേർത്ത ആദ്യ യോഗത്തിൽ ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി, ധനകാര്യ സെക്രട്ടറി, മുഖ്യ സാമ്പത്തിക ഉപദേഷ്ടാവ് എന്നിവരും പങ്കെടുത്തു.

**************************************************

## KERALA CM-RIYAS-GADKARI

ദേശീയപാത വികസനം സംബന്ധിച്ച് കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരിയുമായി മുഖ്യമന്ത്രി പിണറായി വിജയൻ കൂടിക്കാഴ്ച നടത്തി. വിഷയത്തിൽ വളരെ അനുകൂലമായ സമീപനമാണ് കേന്ദ്രമന്ത്രി സ്വീകരിച്ചിട്ടുള്ളതെന്ന് പിണറായി വിജയൻ പറഞ്ഞു. കേരളത്തിലെ ദേശീയപാത വികസനം വേഗത്തിൽ പൂർത്തിയാക്കുമെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരിയുമായി ന്യൂഡൽഹിയിൽ നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം മന്ത്രി പി എ മുഹമ്മദ് റിയാസ് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

***********************************************

HEADLINE – 4

## ELECTRICITY TARIFF REVISION

കേരളത്തിൽ വൈദ്യുതി നിരക്ക് യൂണിറ്റിന് 16 പൈസ വർധിപ്പിച്ചു. നിരക്ക് വർധന ഇന്നലെ മുതൽ പ്രാബല്യത്തിൽ വന്നു. അടുത്ത സാമ്പത്തിക വർഷം യൂണിറ്റിന് 12 പൈസ കൂടി വർധിപ്പിക്കും. വൈദ്യുതി നിരക്ക് വർധിപ്പിക്കാതെ മുന്നോട്ട് പോകാൻ കഴിയില്ലെന്ന് മന്ത്രി കെ കൃഷ്ണൻകുട്ടി പറഞ്ഞു.

***********************************************

## WAYANAD - AMIT SHA

വയനാട് ദുരന്തത്തിൽ കേരളം വിശദമായ നിവേദനം നൽകിയത് മൂന്നര മാസങ്ങൾക്ക് ശേഷമാണെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത്ഷാ. സംസ്ഥാനത്തിന്റെ റിപ്പോർട്ട് പരിശോധിച്ച് ഉചിതമായ കേന്ദ്രസഹായം ഉറപ്പുവരുത്തുമെന്നും കേരളത്തിൽ നിന്നുള്ള എം.പി മാർക്ക് നൽകിയ മറുപടിയിൽ അദ്ദേഹം വ്യക്തമാക്കി. വയനാട് പാക്കേജുമായി ബന്ധപ്പെട്ട് എംപിമാർ ഇന്നലെ ശ്രീ അമിത് ഷായുമായി കൂടിക്കാഴ്ച നടത്തിയിരുന്നു. ദുരന്തബാധിതരുടെ പുനരധിവാസത്തിന് എല്ലാ സഹായവും പ്രധാനമന്ത്രി നരേന്ദ്രമോദി ഉറപ്പു നൽകിയതാണെന്നും ശ്രീ അമിത് ഷാ വ്യക്തമാക്കി.

***********************************************

## SMART INDIA HACKATHON

സ്മാർട്ട് ഇന്ത്യ ഹാക്കത്തോൺ ഏഴാം പതിപ്പിന് ഈ മാസം 11ന് തുടക്കമാകും. രാജ്യത്തെ 51 കേന്ദ്രങ്ങളിലായി നടക്കുന്ന ഹാക്കത്തോൺ കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ഉദ്ഘാടനം ചെയ്യും. ദൈനംദിന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ആശയങ്ങൾ നൽകാനും യുവാക്കൾക്കിടയിൽ പ്രശ്ന പരിഹാര മനഃസ്ഥിതി സൃഷ്ടിക്കാനുമാണ് ഹാക്കത്തോൺ ലക്ഷ്യമിടുന്നത്.

************************************************

# MEA (INTRO)

വിദേശകാര്യ സെക്രട്ടറി വിക്രം മിസ്രി തിങ്കളാഴ്ച ബംഗ്ലാദേശ് സന്ദർശിക്കുമെന്ന് വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ദക്ഷിണ കൊറിയയിലെ സമീപകാല സംഭവവികാസങ്ങൾ ഇന്ത്യ നിരീക്ഷിച്ചുവരികയാണെന്നും സ്ഥിതിഗതികൾ ഉടൻ മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(വോയിസ്......)

സിറിയയുടെ വടക്ക് കിഴക്കൻ മേഖലയിൽ അടുത്തിടെയുണ്ടായ സംഘർഷങ്ങളും രാജ്യം സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ടെന്ന് ശ്രീ രൺധീർ ജയ്സ്വാൾ അറിയിച്ചു.

************************************************

HEADLINE – 5

# CRICKET- UNDER19 ASIA CUP

അണ്ടർ 19 ഏഷ്യാ കപ്പ് ഏകദിന ക്രിക്കറ്റ് സെമിയിൽ ശ്രീലങ്കയെ ഏഴ് വിക്കറ്റിന് തോൽപ്പിച്ച് ഇന്ത്യ ഫൈനലിൽ പ്രവേശിച്ചു. ടോസ് നേടി ബാറ്റിംഗ് തിരഞ്ഞെടുത്ത ശ്രീലങ്ക ഉയർത്തിയ 174 റൺസ് വിജയലക്ഷ്യം 21.4 ഓവറിൽ മൂന്ന് വിക്കറ്റ് നഷ്ടത്തിൽ ഇന്ത്യ മറികടക്കുകയായിരുന്നു. 36 പന്തിൽ 67 റൺസെടുത്ത വൈഭവ് സൂര്യവൻഷിയുടെ ബാറ്റിംഗ് മികവിലാണ് ഇന്ത്യ ഫൈനൽ ബെർത്ത് ഉറപ്പിച്ചത്. രണ്ടാം സെമിയിൽ പാകിസ്ഥാനെ ഏഴ്

വിക്കറ്റിന് പരാജയപ്പെടുത്തിയ ബംഗ്ലാദേശുമായാണ് ഇന്ത്യയുടെ ഫൈനൽ.

*************************************************

## BORDER GAVASKER TROPHY

ബോർഡർ ഗവാസ്കർ ട്രോഫി ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിന്റെ ആദ്യ ഇന്നിങ്സിൽ ഇന്ത്യ 180 ന് പുറത്ത്. 42 റൺസ് നേടിയ നിതീഷ് കുമാർ റെഡ്ഡിയാണ് ഇന്ത്യയുടെ ടോപ് സ്കോറർ. ഓസ്ട്രേലിയയ്ക്കായി മിച്ചൽ സ്റ്റാർക്ക് 6 വിക്കറ്റ് വീഴ്ത്തി. മറുപടി ബാറ്റിംഗിനിറങ്ങിയ ഓസ്ട്രേലിയ ഒന്നാം ദിനം മത്സരം അവസാനിക്കുമ്പോൾ ഒരു വിക്കറ്റ് നഷ്ടത്തിൽ 86 റൺസ് എന്ന നിലയിലാണ്. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ നിലവിൽ ഇന്ത്യ 1-0 ന് മുന്നിലാണ്.

*************************************************

## PUNJAB-FARMERS

പഞ്ചാബ് അതിർത്തിയായ ശംഭുവിൽ നിന്ന് കാൽനടയായി ഡൽഹിയിലേക്ക് മാർച്ച് നടത്തിയ കർഷകരുടെ സംഘത്തെ ഹരിയാന പോലീസ് തടഞ്ഞു. നിരവധി ആവശ്യങ്ങളുന്നയിച്ച് കർഷകർ ആഹ്വാനം ചെയ്ത 'ദില്ലി ചലോ' പ്രക്ഷോഭത്തിലെ കർഷകരെ നേതാക്കൾ താൽക്കാലികമായി തിരിച്ചുവിളിച്ചതായാണ് വിവരം. കർഷക സമരത്തിന്റെ പശ്ചാത്തലത്തിൽ പഞ്ചാബ്-ഹരിയാന അതിർത്തിയോട് ചേർന്നുള്ള 11 ഗ്രാമങ്ങളിൽ ഇന്റർനെറ്റ് വിച്ഛേദിക്കാൻ ഹരിയാന ആഭ്യന്തര സെക്രട്ടറി സുമിത മിശ്ര ഉത്തരവിട്ടിരുന്നു.

*************************************************

## GOVT-FARMERS TALKS

സമരം ചെയ്യുന്ന കർഷകരുമായി സർക്കാർ ചർച്ചയ്ക്ക് തയ്യാറാണെന്ന് കേന്ദ്ര കൃഷി സഹമന്ത്രി ഭാഗീരഥ് ചൗധരി. പാർലമെന്റിന് പുറത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്ത് കർഷകർ സന്തുഷ്ടരായിരിക്കണമെന്നും കാർഷികരംഗം

സമൃദ്ധമാകണമെന്നതുമാണ് കേന്ദ്രത്തിന്റെ ആഗ്രഹമെന്നും കേന്ദ്ര സഹമന്ത്രി പറഞ്ഞു.

**********************************************

## UP-KANNAUJ ACCIDENT

ഉത്തർപ്രദേശിൽ, കനൗജ് ജില്ലയിലെ ആഗ്ര-ലക്നൗ അതിവേഗപാതയിലുണ്ടായ വാഹനാപകടത്തിൽ 8 പേർ മരിച്ചു. 18 ഓളം പേർക്ക് ഗുരുതരമായി പരിക്കേറ്റു. ലഖ്നൗവിൽ നിന്ന് ഡൽഹിയിലേക്ക് പോവുകയായിരുന്ന ഡബിൾ ഡെക്കർ ബസ് നിർത്തിയിട്ടിരുന്ന ട്രക്കിൽ ഇടിച്ച് നിയന്ത്രണം വിട്ട് മറിയുകയായിരുന്നു. അപകടസ്ഥലം സന്ദർശിച്ച യു.പി ജലശക്തി മന്ത്രി സ്വതന്ത്ര ദേവ് സിംഗ് പരിക്കേറ്റവർക്ക് മെച്ചപ്പെട്ട ചികിത്സ ഉറപ്പാക്കാൻ നിർദ്ദേശം നൽകി.

**********************************************
**********************************************